LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ വകപ്പ് മേധാവിയെ സ്ഥിരപ്പെടുത്തിയ നടപടി

89 (5437) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെപ്യൂട്ടേഷനിലെത്തിയ ന്യൂനപക്ഷ വകപ്പ് മേധാവിയെ സർക്കാർ സർവ്വീസിൽ പ്രസ്തുത തസ്തികയിൽ തന്നെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; ഏത് സർവ്വീസിൽ നിന്നാണ് അദ്ദേഹം ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ളത് ;

(ബി) പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ; നിലവിലുള്ള മേധാവിയ്ക്ക് പ്രസ്തുത യോഗ്യതകൾ എല്ലാം ഉണ്ടോ ; വ്യക്തമാക്കുമോ :

(സി) അദ്ദേഹത്തെ സർവ്വീസിൽ സ്ഥിരപ്പെടുത്താനുള്ള നീക്കത്തെ ധന,നിയമ,ഭരണ പരിഷ്കാര വകപ്പുകൾ എതിർത്തിരുന്നോ : എങ്കിൽ പ്രസ്തുത എതിർപ്പുകൾ അവഗണിച്ച് അദ്ദേഹത്തെ നിയമിക്കാനുള്ള സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യ എയ്ഡഡ് കോളേജിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ന്യൂനപക്ഷക്ഷേമ വകപ്പ് ഡയറക്ടറെ റഗുലറൈസ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) നിലവിൽ ഡയറക്ടർ തസ്തികയ്ക്ക് യോഗ്യത നിശ്ചയിച്ചിട്ടില്ല.

(സി) എതിർത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ന്യൂനപക്ഷക്ഷേമ വകപ്പ് ഡയറക്ടറെ റഗുലറൈസ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ന്യൂനപക്ഷ ക്ഷേമ വകപ്പിലെ പദ്ധതി വിഹിത വിനിയോഗം

90 (5438) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് അനുവദിക്കപ്പെട്ട തുക കാര്യക്ഷമമായി ചെലവഴിക്കപ്പെടുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിന് ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിക്കപ്പെട്ട തുകയും പിൻവലിക്കപ്പെട്ട തുകയും സംബന്ധിച്ച കണക്ക് ലഭ്യമാണോ ; എങ്കിൽ അവ നല്കുമോ ;